ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE: 07-09.2024**

## പ്രധാനവാർത്തകൾ

1. സംസ്ഥാനത്തിന്റെ പൊതുവിതരണ സമ്പ്രദായം രാജ്യത്തിനാകെ മാതൃകയാണെന്ന് മന്ത്രി ജി.ആർ അനിൽ. ഓണത്തിന് മുന്നോടിയായി പൊതുവിതരണ ഔട്ട്ലെറ്റുകളിൽ എല്ലാ അവശ്യവസ്തുക്കളും എത്തിച്ചിട്ടുണ്ടെന്നും മന്ത്രി.

2. സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ പ്രയോജനപ്പെടുത്തി തൊഴിൽ രംഗം ശക്തിപ്പെടുത്തുന്നതിൻറെ ഭാഗമായാണ് സർക്കാർ സൗജന്യ തൊഴിൽമേളകൾ സംഘടിപ്പിക്കുന്നതെന്ന് മന്ത്രി വി ശിവൻകുട്ടി.

3. വികസിത ഭാരതമെന്ന ലക്ഷ്യം കൈവരിക്കുന്നതിൽ വിദ്യാർഥി സമൂഹത്തിന് വലിയ പങ്കുവഹിക്കാനാകുമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ.

4. കാസർഗോഡ് കാഞ്ഞങ്ങാട് കാർഷിക കോളേജിലെ വിദ്യാർത്ഥികൾക്ക് എച്ച്-1 എൻ-1 സ്ഥിരീകരിച്ച പശ്ചാത്തലത്തിൽ ജാഗ്രത കർശനമാക്കി ആരോഗ്യ വകുപ്പ്.

RNUTVPM

5. പാരീസ് പാരാലിമ്പിക്സ് അത്ലറ്റിക്സിൻറെ വിവിധ ഇനങ്ങളിൽ ഇന്ത്യ താരങ്ങൾ ഇന്ന് ഫൈനൽ പോരാട്ടത്തിനിറങ്ങും.

*************************

**ജി.ആർ അനിൽ**

സംസ്ഥാനത്തിന്റെ പൊതുവിതരണ സമ്പ്രദായം രാജ്യത്തിനാകെ മാതൃകയാണെന്ന് മന്ത്രി ജി.ആർ അനിൽ. മലപ്പുറത്ത് ഭക്ഷ്യ- പൊതുവിതരണ വകുപ്പിന്റെ പുതിയ ജില്ലാ ഓഫീസ് കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. റേഷൻ കടകളുടെ ആധുനികവത്കരണത്തിന് സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചുവരികയാണ്. റേഷൻ കടകൾ വഴി ഗ്രാമീണ മേഖലകളിൽ ഉൾപ്പെടെ എല്ലാ സേവനങ്ങളും ലഭ്യമാക്കുകയാണ് സർക്കാർ ലക്ഷ്യമെന്നും മന്ത്രി വ്യക്തമാക്കി. ഈ ഓണത്തിന് പൊതുവിതരണ ഔട്ട്ലെറ്റുകളിൽ എല്ലാ അവശ്യവസ്തുക്കളും എത്തിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

*************************

**ലീഗൽ മെട്രോളജി**

ഓണത്തോടനുബന്ധിച്ച് പൊതുവിപണിയിലെ ക്രമക്കേടുകൾ നിയന്ത്രിക്കുന്നതിനായി ലീഗൽ മെട്രോളജി വകുപ്പിന്റെ പരിശോധനാ സ്ക്വാഡുകൾ പ്രവർത്തനം ഊർജിതമാക്കി. ഉത്രാട ദിനമായ സെപ്റ്റംബർ 14 വരെ പരിശോധന തുടരും. ഇന്ധന പമ്പുകളിലെ അളവ് സംബന്ധിച്ചും സംഘം പരിശോധനകൾ നടത്തും. ഉപഭോക്താക്കൾക്ക് പരാതി അറിയിക്കുന്നതിനായി ഹെൽപ് ഡെസ്കിൽ ബന്ധപ്പെടാം. സുതാര്യം മൊബൈൽ ആപ്പ് മുഖേനയും പരാതി അറിയിക്കാവുന്നതാണ്.

*************************

**ശിവൻകുട്ടി**

സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ തൊഴിൽ രംഗം ശക്തിപ്പെടുത്തണമെന്നും ഈ

RNU TVPM

ലക്ഷ്യത്തോടെയാണ് സർക്കാർ സൗജന്യ തൊഴിൽമേളകൾ സംഘടിപ്പിക്കുന്നതെന്നും മന്ത്രി വി ശിവൻകുട്ടി. നിയുക്തി മെഗാ തൊഴിൽ മേള തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. സാമൂഹിക മുന്നേറ്റത്തിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളമെന്നും മന്ത്രി പറഞ്ഞു.

*************************

## ജോർജ് കുര്യൻ

2047 ൽ വികസിത ഭാരതമെന്ന ലക്ഷ്യം കൈവരിക്കുന്നതിൽ വിദ്യാർഥി സമൂഹത്തിന് വലിയ പങ്കുവഹിക്കാനാകുമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പറഞ്ഞു.

കോഴിക്കോട് NIT യുടെ ഇരുപതാമത് ബിരുദദാന ചടങ്ങിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിലെ സാമൂഹ്യ പരിഷ്കർത്താക്കൾക്കും സാമൂഹ്യ പ്രസ്ഥാനങ്ങൾക്കും വിദ്യാഭ്യാസ വികസനത്തിൽ വലിയ പങ്കുണ്ടെന്നും കേന്ദ്ര സഹമന്ത്രി പറഞ്ഞു. സീറോ മലബാർ സഭ പാലക്കാട് രൂപതാ സുവർണ്ണ ജൂബിലി സമാപന സംഗമ ചടങ്ങിൽ പങ്കെടുത്ത ശേഷമാണ് അദ്ദേഹം കോഴിക്കോട് എത്തിയത്.

RNU TVPM

*************************

## തിരുവനന്തപുരം - കുടിവെള്ളപ്രശ്നം(ഇൻട്രോ)

തിരുവനന്തപുരം നഗരത്തിലെ കുടിവെള്ളപ്രശ്നത്തിന് ഉടൻ പരിഹാരം കാണുമെന്ന് മന്ത്രി വി ശിവൻകുട്ടി. കുടിവെള്ളപ്രശ്നവുമായി ബന്ധപ്പെട്ട് ചേർന്ന യോഗത്തിലാണ് തീരുമാനം.

(ഹോൾഡ് വോയിസ്)

കുടിവെള്ള വിതരണം നാളെ പുന:രാരംഭിക്കും.

ജല അതോറിറ്റിയിൽ പ്രത്യേക കണ്ട്രോൾ റൂം തുറക്കുന്ന കാര്യം പരിഗണിക്കുമെന്നും മന്ത്രി പറഞ്ഞു.

*************************

## ഭാഗ്യക്കുറി -ഉത്സവബത്ത

സംസ്ഥാനത്തെ ഭാഗ്യക്കുറി ഏജൻറുമാർക്കും വിൽപ്പനക്കാർക്കും ഉത്സവ ബത്ത 7,000 രൂപയായി ഉയർത്തി. പെൻഷൻക്കാർക്ക് 2,500 രൂപ ലഭിക്കുമെന്നും ധനമന്ത്രി
കെ എൻ ബാലഗോപാൽ അറിയിച്ചു. കഴിഞ്ഞ വർഷം 6,000 രൂപ, 2,000 രൂപ എന്ന ക്രമത്തിലാണ് ഉത്സവബത്ത അനുവദിച്ചത്. അതേസമയം കശുവണ്ടി തൊഴിലാളികൾക്ക് ഓണത്തിന് 20% ബോണസും 10,500 രൂപ അഡ്വാൻസും നൽകാൻ തീരുമാനമായതായി മന്ത്രി വി ശിവൻകുട്ടി അറിയിച്ചു.

*************************

## പൂ വിപണി- പി പ്രസാദ്

സർക്കാറിന്റെയും കുടുംബശ്രീകളുടേയും കർഷക കൂട്ടായ്മകളുടേയും ഓണ ചന്തകളിൽ നാടൻ പൂക്കൾക്ക് വിപണനം ഒരുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് കൃഷി മന്ത്രി പി.പ്രസാദ്. പൂ കൃഷിയിൽ സംസ്ഥാനത്ത് വലിയ മുന്നേറ്റം ഇത്തവണ ഉണ്ടായതായി അദ്ദേഹം പറഞ്ഞു.

ആലപ്പുഴ മായിത്തറയിൽ, പഞ്ചായത്തും കൃഷി വകുപ്പും കർഷകനായ വി.പി.സുനിലും ചേർന്ന് ഒരുക്കിയ പുഷ്പോത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

*************************

## എച്ച്-1 എൻ1 സ്ഥിരീകരിച്ചു

കാസർഗോഡ് കാഞ്ഞങ്ങാട് കാർഷിക കോളേജ് ഹോസ്റ്റലിൽ ഒൻപത് വിദ്യാർത്ഥികൾക്ക് എച്ച്-1 എൻ-1 സ്ഥിരീകരിച്ചു. പടന്നക്കാട് കാർഷിക കോളേജിൽ മുപ്പതോളം പേർക്ക് പനി ബാധിച്ചതിനെ തുടർന്ന് ആലപ്പുഴ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിയ സാമ്പിൾ പരിശോധനയിലാണ് സ്ഥിരീകരണം. പനി ബാധിച്ച് ആശുപത്രിയെ സമീപിക്കുന്ന രോഗികളുടെ എണ്ണം കൂടി വരുന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചു.

PNU TVPM

************************

## സാമൂഹ്യസുരക്ഷാ പെൻഷൻ

സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ കേന്ദ്രവിഹിതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് വകമാറ്റുന്നുവെന്നത് തെറ്റായ പ്രചാരണമാണെന്ന് ധനവകുപ്പ് അറിയിച്ചു. സംസ്ഥാന വിഹിതം അക്കൗണ്ടിൽ എത്തി ഒന്നോ രണ്ടോ ദിവസത്തിന് ശേഷമാണ് കേന്ദ്രവിഹിതം ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. ഇതാണ് തെറ്റിദ്ധാരണയ്ക്ക് കാരണമെന്നും ധനവകുപ്പ് വ്യക്തമാക്കി.

************************

## തിരിച്ചറിയൽ കാർഡ്- കർഷകർ

സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുമായി ബന്ധപ്പെട്ട് കർഷകർക്കുള്ള തിരിച്ചറിയൽ കാർഡിന്റെ സംസ്ഥാനതല വിതരണോദ്ഘാടനം തിങ്കളാഴ്ച വൈകിട്ട് അങ്കമാലി സിഎസ്ഐ ഹാളിൽ കൃഷി മന്ത്രി പി പ്രസാദ് നിർവഹിക്കും. റോജി എം ജോൺ എംഎൽഎ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ബെന്നി ബഹനാൻ എംപി മുഖ്യാതിഥിയായിരിക്കും. ജനപ്രതിനിധികൾ, കർഷകർ, കർഷക തൊഴിലാളികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

PRD TVPM

************************

## പട്ടയവിതരണം

എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന പ്രഖ്യാപിത ലക്ഷ്യവുമായി പട്ടയമേളയുടെ സംസ്ഥാനതല ഉദ്ഘാടനം ഈ മാസം 12ന് കളമശേരി മുനിസിപ്പൽ ടൗൺഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ചടങ്ങിൽ റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ അധ്യക്ഷനായിരിക്കും. മന്ത്രി പി. രാജീവും പ്രതിപക്ഷ നേതാവ് വിഡി സതീശനും മുഖ്യാതിഥികളായിരിക്കും.

************************

## സൂപ്പർ ലീഗ് കേരള (ഇൻട്രോ)

സൂപ്പർ ലീഗ് കേരള ഫുട്ബോളിന് ഇന്ന് തുടക്കം. രാത്രി കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നടക്കുന്ന ആദ്യ മത്സരത്തിൽ ഫോഴ്സാ കൊച്ചിയും മലപ്പുറം എഫ്.സിയും തമ്മിൽ ഏറ്റുമുട്ടും.
വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി സുരേഷ് ബാബു.
(വോയ്സ്)

*************************

## പാരീസ് പാരാലിമ്പിക്സ്

പാരീസ് പാരാലിമ്പിക്സ് അത്ലറ്റിക്സിൻറെ വിവിധ ഇനങ്ങളിൽ ഇന്ത്യ താരങ്ങൾ ഇന്ന് ഫൈനൽ മത്സരത്തിനിറങ്ങും. പുരുഷന്മാരുടെ ജാവലിൻ ത്രോ F40,F41 വിഭാഗം ഫൈനൽ മത്സരങ്ങളിൽ നവ്ദീപ് സിംഗ് മത്സരിക്കും. വനിതകളുടെ 200 മീറ്റർ ഓട്ടം T12 വിഭാഗം ഫൈനലിൽ സിംറാൻ കളത്തിലിറങ്ങും. അർധരാത്രി നടക്കുന്ന പുരുഷന്മാരുടെ 400 മീറ്റർ T47 വിഭാഗം ഫൈനലിൽ ദിലിപ് ഗാവിറ്റ് മത്സരിക്കും. പാരാലിമ്പിക്സിൽ ഇതുവരെ 6 സ്വർണവും 9 വെള്ളിയും 12 വെങ്കലവും ഉൾപ്പെടെ 27 മെഡലുകളാണ് ഇന്ത്യയുടെ നേട്ടം. 2020 ടോക്യോ പാരാലിമ്പിക്സിൽ 19 മെഡലുകളായിരുന്നു ഇന്ത്യൻ താരങ്ങൾ നേടിയത്.

RNU TVPM

*************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" ഇന്ന് വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യും.
ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

*************************

## മണർകാട് പള്ളി

എട്ടുനോമ്പ് പെരുന്നാളിനോടനുബന്ധിച്ച് കോട്ടയം മണർകാട് പള്ളിയിൽ നട തുറന്നു . കത്തീഡ്രലിന്റെ പ്രധാന മദ്ബഹയിൽ സ്ഥാപിച്ചിരിക്കുന്ന വിശുദ്ധ ദൈവമാതാവിന്റെയും

ഉണ്ണിയേശുവിന്റെയും ഛായാചിത്രം പൊതുദർശനത്തിനായി വർഷത്തിൽ ഒരിക്കൽ മാത്രം തുറക്കുന്ന ചടങ്ങാണ് നടതുറക്കൽ ശുശ്രൂഷ.

*************************

## ഗുരുവായൂർ -വിവാഹം

ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനത്തിനും വിവാഹത്തിനും നാളെ പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി ഗുരുവായൂർ ദേവസ്വം ബോർഡ്. നാളെ 354 വിവാഹങ്ങളാണ് നടക്കാനിരിക്കുന്നത്. ദർശനത്തിനായി എത്തുന്നവർക്ക് പ്രത്യേക സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ടെന്ന് ഗുരുവായൂർ ദേവസ്വം ബോർഡ് അറിയിച്ചു.

*************************

## കെ രാജൻ

സംസ്ഥാനത്തെ വിവിധ റവന്യു ഡിവിഷണൽ ഓഫീസുകളിലും ഡെപ്യുട്ടി കളക്ടർ ഓഫീസുകളിലുമുള്ള 25 സെൻ്റുവരെ ഭൂമി തരംമാറ്റ അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് ജില്ലാ കളക്ടർമാർ അദാലത്തുകൾ സംഘടിപ്പിക്കുമെന്ന് മന്ത്രി കെ രാജൻ അറിയിച്ചു.

ഓരോ താലൂക്കിൻ്റെയും പരിധിയിൽ വരുന്ന അപേക്ഷകൾ നിശ്ചിത ദിവസങ്ങളിൽ നടക്കുന്ന അദാലത്തിൽ പരിഗണിക്കുമെന്നും അദ്ദേഹം പറഞ്ഞു.
കൊച്ചിയിൽ ജില്ലാ കളക്ടർമാരുടെ അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. യോഗം നാളെയും തുടരും.

PRD TVPM

*************************

## ഒ ആർ കേളു

പട്ടികജാതി 'പട്ടികവർഗ്ഗ ' പിന്നാക്ക വിഭാഗമേഖലയിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് സമഗ്രമായ പദ്ധതി ആവിഷ്കരിക്കുമെന്ന് മന്ത്രി ഒ ആർ കേളു. 'വകുപ്പുകളുടെ ജില്ലാതല അവലോകന യോഗത്തിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. എസ് സി - എസ് ടി

പ്രമോട്ടർമാർ വീടുകൾ സന്ദർശിച്ച് കുട്ടികൾ കൊഴിഞ്ഞുപോകുന്നതിന്റെ കാരണം പരിശോധിച്ച് റിപ്പോർട്ട് നൽകാനും നിർദ്ദേശം നൽകിയതായി മന്ത്രി അറിയിച്ചു.

*************************

<u>൦ററ</u>

കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോററ്റിയിൽ രജിസ്റ്റർ ചെയ്യാതെ 22 ഏക്കറോളം ഭൂമിയിൽ ടൌൺഷിപ്പ് വികസിപ്പിച്ച് , വില്ല , അപ്പാർട്ട്മെന്റ് യൂണിറ്റുകൾ എന്നിവ വിൽക്കുന്ന റിയലൈൻ പ്രോപെർട്ടീസിന് ഒരു കോടി രൂപ പിഴ വിധിച്ചു. കോഴിക്കോട് പന്തീരാങ്കാവ് പെരുമണ്ണ ഗ്രാമ പഞ്ചായത്തിൽ വില്ല,അപാർട്ട്മെന്റ് എന്നിവ വിൽക്കുന്നതിനായുള്ള പരസ്യത്തിന്റെ അടിസ്ഥാനത്തിലാണ് പിഴ ചുമത്തിയത്. ടൗൺഷിപ്പിൽ നടക്കുന്ന എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും ആധാര രജിസ്ട്രേഷനുകളും നിർത്തിവയ്ക്കാനും അതോറിറ്റി അറിയിച്ചു.

*************************

***************

****

RNUTVPM